# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2844**

**18-06-2018-ൽ മറുപടി നൽകേണ്ടത്**

**പിരിച്ചുവിട്ട ജീവനക്കാരനെ സർവ്വീസിൽ തിരിച്ച് എടുക്കാൻ നടപടി**

ചോദ്യം — ഉത്തരം

**ശ്രീ. വി.പി.സജീന്ദ്രൻ** : **പ്രൊഫ.സി. രവീന്ദ്രനാഥ്**
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ എസ്.സി./എസ്.ടി വിഭാഗത്തിലെ എത്ര ജീവനക്കാർ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്; അവർ ഏതൊക്കെ തസ്തികയിൽ ആണ് ജോലി നോക്കി വരുന്നത് ; അവരുടെ പേര് ,തസ്തിക എന്നിവ വ്യക്തമാക്കാമോ; | (എ) കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ എസ്.സി/ എസ്.ടി വിഭാഗത്തിൽ നിലവിൽ ആരും തന്നെ ജോലി ചെയ്യുന്നില്ല. |
| (ബി)കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ ജോലി നോക്കി വന്നിരുന്ന എൽ.ഡി. ക്ലാർക്കായ ദളിത് ജീവനക്കാരനെ അന്വേഷണം കൂടാതെ പിരിച്ച് വിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി)ഉണ്ട്. |
| (സി)പ്രസ്തുത സ്ഥാപനത്തിലെ സ്ത്രീ ജീവനക്കാരിയോട് അതിക്രമം | (സി) പ്രൊബേഷൻ കാലാവധിയില്ല-ണ്ടായിരുന്ന ടിയാൻ ഓഫീസ് ജോലികൾ |

| | |
|---|---|
| കാണിച്ചെങ്കിൽ സ്ഥാപനത്തിന്റെ ഡയറക്ടർ പോലീസിൽ പരാതി കൊടുത്ത് കേസ് എടുത്ത ശേഷമാണോ ഈ ജീവനക്കാരനെ സർവീസിൽ നിന്നും പിരിച്ചു വിട്ടത് ;വ്യക്തമാക്കാമോ; | കൃത്യമായി നിർവ്വഹിക്കാത്തതും മേലധികാരികളോട് ധിക്കാരപരമായി പെരുമാറുന്നതും വനിതാജീവനക്കാർ ഉൾപ്പെടെയുള്ളവരെ വ്യക്തിപരമായി അവഹേളിക്കുന്ന തരത്തിൽ ഫയൽ കുറിപ്പുകൾ എഴുതുന്നതും ഇക്കാര്യങ്ങൾ തന്നെ നിരവധി താക്കീതുകൾക്കു ശേഷവും ആവർത്തിക്കുന്നതും ബോധ്യ-പ്പെട്ടു. ഇക്കാര്യങ്ങൾ കണക്കിലെടു-ത്താണ് ടിയാനെ സർവ്വീസിൽ നിന്നു നീക്കം ചെയ്തിട്ടുള്ളത്. ശ്രീ.കൃഷ്ണൻ കുട്ടി.വി സ്ഥാപനത്തിലെ സ്ത്രീ ജീവനക്കാ-രികളോട് അതിക്രമം കാണിച്ചു എന്ന പേരിലല്ല, മറിച്ച് ടിയാന്റെ പെരുമാറ്റ രീതികൾ അവർക്ക് സ്ഥാപനത്തിൽ ജോലി ചെയ്യുന്നതിന് മാനസിക ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്ന് ചൂണ്ടിക്കാട്ടി-യാണ്. ഓഫീസിൽ ജോലി ചെയ്യുന്നതിന് ഉചിതമായ അന്തരീക്ഷം ലഭ്യമാക്കിക്കൊ-ടുക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് വനിതാ ജീവനക്കാർ സ്ഥാപനത്തിൽ പരാതി നല്കിയിട്ടുണ്ട്. പ്രസ്തുത പരാതികൾ "The Sexual Harassment of Women at Work Place-Prevention, Prohibition and Redressal Act-2013" -ലെ വ്യവസ്ഥകൾ പ്രകാരം മ്യൂസിയത്തിലെ സീനിയർ |

| | |
|---|---|
| | വനിതാ ഓഫീസർ ആയ ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| ഡി) വനിത ജീവനക്കാരിയോട് അതിക്രമം കാണിച്ചിട്ടുണ്ടെങ്കിൽ ടിയാനെ പിരിച്ചുവിടുന്നതിന് മുൻപ് നിയമപ്രകാരമുള്ള നടപടിക്രമം ഈ കേസിൽ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | ഡി) ഉണ്ട് |
| ഇ) നിയമപ്രകാരമുള്ള ഒരു നടപടിക്രമങ്ങളും പാലിക്കാതെ ജീവനക്കാരന്റെ ഭാഗത്ത് നിന്നും അഭിപ്രായം പോലും കേൾക്കാതെ പിരിച്ചുവിട്ട നടപടി പുന:പരിശോധിച്ച് ടിയാനെ സർവ്വീസിൽ തിരിച്ച് എടുക്കാനുള്ള നടപ്പടി സ്വീകരിക്കുമോ? | ഇ) ശ്രീ.കൃഷ്ണൻകുട്ടി.വി-യെ പിരിച്ചു-വിട്ടതിനെതിരെ ടിയാൻ ബഹു.ഹൈ-ക്കോടതിയിൽ WP (C ) No..11028/2018, പ്രകാരം ഹർജി ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതിയുടെ 06.04.2018-ലെ വിധിന്യായ പ്രകാരം ടിയാൻ സർക്കാരിന് അപ്പീൽ നല്കാൻ നിർദ്ദേശം നല്കി തീർപ്പാക്കിയിട്ടുമുണ്ട്. ബഹു. ഹൈക്കോടതി വിധിന്യായ പ്രകാരം ടിയാൻ സർക്കാരിൽ അപ്പീൽ നല്കുമ്പോൾ ടിയാനെ സർവ്വീസിൽ തിരിച്ചെടുക്കുന്ന വിഷയം സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**